5-ാം ക്ലാസ്സു മുതലുള്ള വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. അഖിലേന്ത്യാ സർവ്വീസുകളിലേക്കുള്ള മത്സരപരീക്ഷയ്ക്ക് പ്രത്യേക പരിശീലനം നൽകുന്നതിനായി I-CETS പ്രവർത്തിച്ചുവരുന്നു. പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കായി 87 പ്രീ-മെട്രിക് ഹോസ്റ്റലുകളും 18 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു.

(സി) ടി പദ്ധതികൾ നടപ്പിലാക്കുന്നതിനായി പട്ടികജാതി വികസന വകുപ്പിന്റെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി മാർഗ്ഗരേഖ പ്രകാരം തുടർന്നുവരുന്ന പദ്ധതികൾക്ക് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ്/സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ നിന്നും ഭരണാനുമതി ഉത്തരവ് ആവശ്യമുള്ള പദ്ധതികൾക്ക് അത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് തുക ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

കൊയിലാണ്ടി മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ധനസഹായം

319(2788) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെഡിക്കൽ-എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിന് പട്ടികജാതി വകുപ്പ് ധനസഹായം നൽകുന്ന സ്കീമിനെക്കുറിച്ച് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽപ്പെടുത്തി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം ;

(സി) കൊയിലാണ്ടി മണ്ഡലത്തിലെ ഒരു സ്ഥാപനവും ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ പ്രസ്തുത മണ്ഡലത്തിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് അവസരം നിഷേധിക്കപ്പെടുന്നത് ഒഴിവാക്കാൻ മണ്ഡലത്തിൽ ഇതിനായി സ്ഥാപനം തുടങ്ങുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം നൽകുന്ന "വിഷൻ 2013" പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും B+ ൽ കുറയാത്ത മാർക്ക് വാങ്ങി വിജയിക്കുകയും പ്ലസ് വൺ പ്രവേശനം നേടി മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശനത്തിന് തൽപ്പരരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് 20,000 രൂപ 2 വർഷത്തേക്ക് അനുവദിച്ച് നൽകുന്നു. ജില്ലാ പട്ടികജാതി വികസന ഓഫീസറും കളക്ടറും അടങ്ങുന്ന സമിതിയാണ് സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്. ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 4.5 ലക്ഷം രൂപയാണ്. അപേക്ഷകൾ അതാത് ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റിന്റെ പകർപ്പ് എന്നിവ ഉൾപ്പെടെ സമർപ്പിക്കേണ്ടതാണ്.

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് അംഗീകാരം നൽകിയിട്ടുള്ള കോഴിക്കോട് ജില്ലയിലെ 5 സ്ഥാപനങ്ങളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. റെയ്സ്
2. ബാബ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, മാവൂർ റോഡ്
3. എലൈറ്റ് സെന്റർ കോമ്പറ്റീഷൻ
4. സയൻസ് സെന്റർ, എടോടി, വടകര
5. പോസിറ്റീവ്, ബാലുശ്ശേരി

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly